(ബി) ഇല്ല.

(സി-ഇ) 9-2-2010 ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 5-ൽ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്ന വകുപ്പധികാരികൾ കുടുംബശ്രീയുമായി ഒരു കരാറിലേർപ്പെടണമെന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരുടെ ശമ്പളം കുടുംബശ്രീ മുഖാന്തിരം മാത്രമേ നൽകുവാൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു നിയമന അധികാരിയും കുടുംബശ്രീയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി അറിവില്ല.

അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

137 (6055) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (അഹാഡ്സ്) യുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും 2010 മാർച്ച് 31 വരെ എത്ര തുക ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി, പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഏതൊക്കെ പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞു എന്നും ഉണ്ടായ നേട്ടങ്ങളെന്തെന്നും വിശദമാക്കുമോ ;

(ഇ) ബാക്കിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ആദിവാസികൾക്ക് സ്ഥിരവരുമാനം ലഭിക്കുന്ന ഏതെല്ലാം പ്രോജക്ടുകളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ; ഇതുമൂലം ആദിവാസികൾക്കുണ്ടായ നേട്ടം വിശദീകരിക്കുമോ ;

(ജി) അട്ടപ്പാടിയിൽ ഇതേവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് വിലയിരുത്തൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) അട്ടപ്പാടിക്ക് ശേഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വയനാട്ടിലെ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അട്ടപ്പാടിയുടെ നാശോന്മുഖമായ പരിസ്ഥിതിയുടെ പുനരുജ്ജീവനവും തദ്ദേശീയ ജനതയുടെ സുസ്ഥിര ജീവനോപാധി വികസനവും ലക്ഷ്യം വെച്ചുകൊണ്ട് 1996-ൽ സർക്കാർ ഉത്തരവ് നം. 42/95/ആർ.ഡി.ഡി തീയതി 30-10-1995 പ്രകാരം ആരംഭിച്ച പദ്ധതിയാണ് അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി. ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 219.31 കോടി രൂപയാണ് അട്ടപ്പാടിയുടെ പരിസ്ഥിതി പുന:സ്ഥാപിക്കുക, ഭാവിയിൽ ഉണ്ടായേക്കാവുന്ന പരിസ്ഥിതി നാശം തടയുക, ജനപങ്കാളിത്തത്തിലധിഷ്ഠിതമായ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾക്ക് അനുകരണീയമായ മാതൃകകൾ വികസിപ്പിക്കുക, അട്ടപ്പാടിയുടെ പരിസ്ഥിതിയ്ക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ തദ്ദേശ സമൂഹത്തിന് വേണ്ടി (പ്രത്യേകിച്ചും ആദിവാസി വിഭാഗങ്ങൾക്ക്) ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും അഡീഷണൽ സെൻട്രൽ അസിസ്റ്റൻസായി 196.12 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടിയുടെ പരിസ്ഥിതിക്ക് ഇണങ്ങുന്ന സുസ്ഥിര ജീവനോപാധികൾ തദ്ദേശ സമൂഹത്തിന് വേണ്ടി (പ്രത്യേകിച്ചും ആദിവാസി വിഭാഗങ്ങൾക്ക്) ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

(ഡി) ആദിവാസി ജനവിഭാഗങ്ങൾക്കായി സമ്പൂർണ്ണ ഊരുവികസന പരിപാടി നടപ്പിലാക്കുക,ആദിവാസി ജന വിഭാഗങ്ങളുടെ പാരമ്പര്യ കൃഷി രീതി പ്രോത്സാഹിപ്പിക്കുക, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക, ആദിവാസി ലിപി സാക്ഷരത, തുടർ വിദ്യാഭ്യാസം, ആരോഗ്യമെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി ആദിവാസികൾക്ക് വേണ്ടി നടപ്പാക്കുന്നത്. സമ്പൂർണ്ണ ഊരുവികസന പരിപാടിയിൽ ഒന്നാംഘട്ട ഊരു വികസന പരിപാടിയിൽ (26 ഊരുകൾ) 997 വീടുകൾ ലക്ഷ്യമിട്ടതിൽ 867 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പുരോഗതിയിലുമാണ്. രണ്ടാം ഘട്ട ഊരു വികസന പരിപാടിയിൽ (26 ഊരുകൾ) 1006 വീടുകൾ ലക്ഷ്യമിട്ടതിൽ 821 വീടുകളുടെ പണി പുരോഗമിച്ചുവരുന്നു. 2010 ഡിസംബറിനകം മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആദിവാസി സുസ്ഥിര ജീവനോപാധി വികസനത്തിനായി സ്വകാര്യ തരിശുഭൂമിയിലെ കാർഷിക വനവൽക്കരണം, 69.6 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയും ഔഷധസസ്യ പരിപാലനവും, കടല, ചോളം, ഉഴുന്ന്, മുതിര, തുവര, റാഗി, തുടങ്ങിയവയുടെ വിത്തുവിതരണവും, കാർഷിക നഴ്സറി, നെല്ല്, കൃഷി, പട്ടുനൂൽപ്പുഴു വളർത്തൽ പദ്ധതി, വേനൽക്കാല ഉഴവ്, ചെറുകിട ജലസേചന സൗകര്യങ്ങൾ എന്നിവയാണ് മറ്റു പരിപാടികൾ. 4 കോടി രൂപയുടെ വരുമാനദായകപ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീയുമായി സംയോജിച്ചുകൊണ്ട് നടപ്പാക്കുകയും ഇതിൽ 50% ആദിവാസി കുടുംബശ്രീ ഗ്രൂപ്പിന് വേണ്ടി മാറ്റിവെയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. പട്ടിണിമരണങ്ങൾ, ബാലവേല, തൊഴിൽ ദേശാടനം എന്നിവ പാടെ ഇല്ലാതാക്കി, ആരോഗ്യമേഖലയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, അസംഖ്യം മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അഗളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് 40 കിടക്കകളുള്ള ആശുപത്രി കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്. കോട്ടത്തറയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കും പുതൂരിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിനും ആധുനിക ചികിത്സോപകരണങ്ങൾ, ഔഷധങ്ങൾ എന്നിവ നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തന ഫലമായി ആദിവാസി സമൂഹത്തിന്റെ ഭൗതിക നേട്ടങ്ങൾ മെച്ചപ്പെട്ടതിനാൽ പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന അനീമിയ തുടങ്ങിയ രോഗങ്ങൾക്ക് അറുതി വന്നിട്ടുണ്ട്. മദ്യം മയക്കുമരുന്ന് ഉപയോഗം കൊണ്ട് ആദിവാസികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾകൊണ്ട് ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾക്കിടയിൽ ആദിവാസി ഭാഷയിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചും പഠനം മുടങ്ങിയ വിദ്യാർത്ഥികളെ കണ്ടെത്തി എ ലെവൽ പരിശീലനം കൊടുത്തും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. ആദിവാസികൾക്കിടയിൽ നേതൃത്വശേഷി ഉയരുകയും ഉയർന്ന നിലയിലുള്ള സ്ത്രീ ശാക്തീകരണം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ഇ) പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ കഴിയാതിരുന്ന പ്രോജക്ടുകൾ ഒന്നും ഇല്ല.

(എഫ്) ആദിവാസി സുസ്ഥിര ജീവനോപാധി വികസനത്തിനായി സ്വകാര്യ തരിശുഭൂമിയിലെ കാർഷിക വനവൽക്കരണം, 69.6 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയും, ഔഷധസസ്യ പരിപാലനവും, കടല, ചോളം, ഉഴുന്ന്, മുതിര, തുവര, റാഗി തുടങ്ങിയവയുടെ വിത്തുവിതരണവും, കാർഷിക നഴ്സറി, നെല്ല് കൃഷി, പട്ടുനൂൽപ്പുഴു വളർത്തൽ പദ്ധതി, വേനൽക്കാല ഉഴവ്, ചെറുകിട ജലസേചന സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. 4 കോടി രൂപയുടെ വരുമാനദായക പ്രവർത്തനങ്ങൾ കുടുംബശ്രീയുമായി സംയോജിച്ചുകൊണ്ട് നടപ്പാക്കുകയും ഇതിൽ 50% ആദിവാസി കുടുംബശ്രീ ഗ്രൂപ്പിനുവേണ്ടി മാറ്റിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ജി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് അട്ടപ്പാടിയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായതെന്നും പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങളെന്തെന്നും വിൽബർ സ്മിത്ത് അസോസിയേറ്റ്, ബാംഗ്ലൂർ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(എച്ച്) ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി അഹാഡ്സ് മാതൃക പദ്ധതി കേരളത്തിലെ മറ്റ് പിന്നോക്ക പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ സഹായം നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഹാഡ്സ് മാതൃകയിലുള്ള പദ്ധതി വയനാട്ടിൽ ആരംഭിക്കാൻ വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ സർക്കാർ അഹാഡ്സിനോട് ആവശ്യപ്പെട്ടിരുന്നു. പദ്ധതി രേഖയുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഹാഡ്സ് മാതൃക പദ്ധതി വയനാട്ടിൽ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. നിർദ്ദിഷ്ട ജെ.ഐ.സി.എ. സഹായ പദ്ധതിയുടെ മുന്നോടിയായി പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ വയനാട്ടിലെ അഞ്ച് പ്രദേശങ്ങളായ ഓണി വയൽ, സുഗന്ധഗിരി, ഭൂദാനം, പൂവത്തിപണിയകോളനി, മാന്ദാനം അടിയകോളനി എന്നിവിടങ്ങളിൽ പദ്ധതികളാരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പൈതൃകഗ്രാമ സംരക്ഷണത്തിനായി സ്വീകരിച്ച നടപടി

138 (6056) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പാത്തി പൈതൃക ഗ്രാമത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പൈതൃകഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടശേഷം ഇവിടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) പൈതൃക ഗ്രാമ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 11-11-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 210/2009/തസ്വഭവ പ്രകാരം പാലക്കാട് ടൗണിനു വേണ്ടിയുള്ള ഡെവലപ്മെന്റ് പ്ലാനിന്റെ അംഗീകരിച്ച, പരിഷ്കരിച്ച സോണിംഗ് റെഗുലേഷനിലെ നമ്പർ 14 പ്രകാരം, കൽപ്പാത്തി ഏരിയായിൽപ്പെടുന്ന ഭൂവികസനങ്ങൾക്കും, നിർമ്മാണ പ്രവർത്തനങ്ങൾക്കും ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷന്റെയോ, കമ്മിഷൻ നിയോഗിച്ചിരിക്കുന്ന കമ്മിറ്റിയുടെയോ അനുമതി ആവശ്യമാണ്. ഈ ഏരിയായിൽപ്പെടുന്ന നിർമ്മാണങ്ങൾക്ക് സ്ട്രീറ്റിന്റെ തലത്തിൽ നിന്നും നിലവിലുള്ളതുൾപ്പെടെ രണ്ടു നിലകളിലും, കെട്ടിടത്തിന്റെ മൊത്തം ഉയരം 9 മീറ്ററിലും കൂടുതൽ ആകരുത്. ടി നിർമ്മാണങ്ങളുടെ ആർക്കിടെക്ചറൽ ക്യാരക്ടർ, കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം.

(ബി & സി) കൽപ്പാത്തി പ്രദേശങ്ങളിലെ നിർമ്മാണങ്ങൾ, പുനർനിർമ്മാണങ്ങൾ, കൂട്ടിച്ചേർക്കൽ എന്നിവയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്ന പ്ലാനുകൾ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ/കമ്മിറ്റി പരിശോധിച്ച് നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി വഴി നൽകി വരുന്നു. കൂടുതലും ഗാർഹിക ഉപയോഗത്തിനുള്ള കെട്ടിടങ്ങളുടെ പ്ലാനുകളാണ് ഇത്തരത്തിൽ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly